LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 2014-15-ലെ തസ്തിക നിർണ്ണയപ്രകാരം 41 ഒഴിവുകളിൽ 25 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. ബാക്കിയുള്ള ഒഴിവുകൾ അന്തർജില്ലാ സ്ഥലംമാറ്റം, ബൈടാൻസ്ഫർ എന്നിവയ്ക്കായി മാറ്റിവച്ചിരിക്കുന്നു.

(സി) എറണാകുളം ജില്ലയിൽ പി.എസ്.സി. നിയമന ശിപാർശ അയച്ച ഒരു ഉദ്യോഗാർത്ഥിക്കും നിയമനം നൽകാൻ ബാക്കിയില്ല.

(ഡി) എറണാകുളം ജില്ലയിലെ റാങ്ക് ഹോൾഡർമാരുടെ നിവേദനം സർക്കാരിൽ ലഭിച്ചാലുടൻ നടപടി സ്വീകരിക്കുന്നതാണ്.

അനാദായകരമായ സ്കൂളുകൾ

86(2948) ശ്രീ. എം. ഹംസ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖല പ്രതിസന്ധി നേരിടുന്നുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ;

(ബി) സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; ടോയ്ലറ്റ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത സ്കൂളുകൾ സംബന്ധിച്ച ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് അനാദായകരമെന്ന് കണക്കാക്കപ്പെട്ട സ്കൂളുകളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ടോ ; സ്കൂളുകൾ അനാദായകരമാകാനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) അനാദായകരമായതിനാൽ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സ്കൂളുകളുടെ എണ്ണം എത്ര ;

(ഇ) പ്രസ്തുത സ്കൂളുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ മേഖല പ്രതിസന്ധി നേരിടുന്നതിനാൽ വിലയിരുത്തിയിട്ടില്ല.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) അനാദായകരമായ സ്കൂളുകളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ട്. പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ ക്രമാനുഗതമായ കുറവ് കഴിഞ്ഞ കുറേ വർഷങ്ങളായി കാണപ്പെടുന്നുണ്ട്. സി.ബി.എസ്.ഇ. സ്കൂളുകളോടുള്ള ആഭിമുഖ്യവും അൺ എയ്ഡഡ് സ്കൂളുകളിൽ കൂടുതൽ കുട്ടികൾ പ്രവേശനം നേടുന്നതും പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറയാൻ കാരണമായിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) സർവ്വശിക്ഷാ അഭിയാന്റെ നേതൃത്വത്തിൽ ഫോക്കസ് 15 എന്ന പദ്ധതി നടപ്പാക്കുകയുണ്ടായി. ഈ പദ്ധതിയിലൂടെ 50 കുട്ടികളിൽ കുറവുള്ള 1423 സ്കൂളുകളെ പ്രത്യേക പരിഗണന അർഹിക്കുന്ന സ്കൂളുകളുടെ ഗണത്തിൽപ്പെടുത്തി സെൻസിറ്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ച് സ്കൂൾ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി, അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുകയുണ്ടായി. ഇതിന്റെ ഫലമായി പല അനാദായകരമായ വിദ്യാലയങ്ങൾ ഈ വർഷം ആദായകരമായി മാറിയിട്ടുണ്ട്.

ഏകാദ്ധ്യാപക വിദ്യാലയങ്ങൾ

87(2949) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഏകാധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ വിദ്യാലയത്തിലും എത്ര കുട്ടികൾ പഠിക്കുന്നുണ്ട്; എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപകരുണ്ടോ;

(സി) ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത വിദ്യാലയങ്ങളിൽ അദ്ധ്യാപകർക്ക് യഥാസമയം വേതനം നൽകുന്നുണ്ടോ; ഇവരുടെ വേതനം എത്രയാണ്; വേതനം കുടിശ്ശികയുണ്ടോ; എത്ര കാലത്തെ കുടിശ്ശികയുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly